**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2095** | **21-06-2024 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരുടെ നിയമവിരുദ്ധ ഭക്ഷണശാലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥർ മൂന്നാർ, അടിമാലി, തൊടുപുഴ, പീരുമേട്, കട്ടപ്പന, നെടുങ്കണ്ടം എന്നിവിടങ്ങളിൽ പൊതുജനങ്ങൾക്കു കൂടി വേണ്ടി നിയമവിരുദ്ധമായി ഭക്ഷണശാലകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **പോലീസ് ഉദ്യോഗസ്ഥർക്ക് വേണ്ടി മാത്രമായി പ്രവർത്തനമാരംഭിക്കുകയും പിന്നീട് പൊതുജനങ്ങൾക്കും കൂടി പ്രവേശനം അനുവദിക്കുകയും ചെയ്തിരുന്നു. ജില്ലയിലെ പൊതുജനങ്ങൾക്ക് തുറന്ന് നൽകിയ എല്ലാ പോലീസ് ഭക്ഷണശാലകളും പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായി.** |
| (ബി) | ഇപ്രകാരം ഭക്ഷണശാലകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങൾക്ക് നടത്തിപ്പുകാർ പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് സ്ഥലം അളന്നു തിരിച്ച് തറവാടക നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച തറവാടക അവർ ഖജനാവിലേക്ക് മാസംതോറും അടയ്ക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കുമോ; | (ബി) | നിലവിൽ ടി ഭക്ഷണശാലകൾ പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങൾ അളന്നു തിട്ടപ്പെടുത്തുന്നതിനായി പൊതുമരാമത്തു വകുപ്പിനു കത്ത് നൽകിയിട്ടുണ്ട്. |
| (സി) | ഈ ക്രമക്കേടുകളെ കുറിച്ച് മുല്ലപ്പെരിയാർ ഡി.വൈ.എസ്.പി നടത്തിയ ഔദ്യോഗിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഇത് സംബന്ധിച്ച അന്വേഷണം നടന്നു വരുന്നതാണ്. |
| (ഡി) | കുടുംബശ്രീ യൂണിറ്റുകൾ നിലവിലുള്ളപ്പോൾ അതിനെ ആശ്രയിക്കാതെ പോലീസുകാർ തങ്ങളുടെ ഔദ്യോഗിക ജോലികൾ ഉപേക്ഷിച്ചു ഇടുക്കി ജില്ലയിൽ നിയമവിരുദ്ധമായി നടത്തുന്ന ഇത്തരം പൊതുഭക്ഷണശാലകളിൽ നിന്നുള്ള ലാഭവിഹിതം സംസ്ഥാന ഖജനാവിൽ അടച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | (സി) യിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | നിയമ പരിപാലനം നടത്തേണ്ട പോലീസ് ഉദ്യോഗസ്ഥർ സർക്കാർ ശമ്പളം വാങ്ങുന്നതോടൊപ്പം അനധികൃതമായി ഇത്തരം ഭക്ഷണശാലകൾ നടത്തി അതിൽ നിന്നും അധികമായി വാങ്ങുന്ന പണം തിരികെ പിടിക്കുവാൻ ഉദ്ദേശമുണ്ടോ; അത്തരത്തിൽ പണം തിരികെ പിടിച്ചിട്ടുണ്ടെങ്കിൽ അതിൻെറ കണക്കുകൾ ലഭ്യമാക്കുമോ? | (ഇ) | (സി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ